**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2) കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

സംഗ്രഹം:- തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല-ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)- തീരുമാനം സംബന്ധിച്ച്

പരാമർശം:- 1. സെക്രട്ടറി, നിഷ്-ചിന്ത, മുളഞ്ഞൂർ, ലക്കിടി എന്നവർ ബഹു. ത. സ്വ. ഭ. വ മന്ത്രി മുമ്പാകെ നൽകിയ പരാതി
2. ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)യുടെ 18/01/2024 തിയതിയിലെ തീരുമാനം

**ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 19/01/2024**

. സെക്രട്ടറി, നിഷ്-ചിന്ത, മുളഞ്ഞൂർ, ലക്കിടി എന്നവർ ബഹു. ത. സ്വ. ഭ. വ മന്ത്രി മുമ്പാകെ നൽകിയ പരാതി ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2) മുമ്പാകെ പരിഗണനക്കായി അയച്ചു നൽകിയിരുന്നു. മസ്തിഷ്കഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള സ്ഥാപനത്തിനു ചുമത്തിയിരിക്കുന്ന വാണിജ്യ നിരക്കിലുള്ള നികുതി ഒഴിവാക്കുന്നതിനാണ് അപേക്ഷ നൽകിയിരുന്നത്. ഈ സ്ഥാപനത്തിൽ മസ്തിഷ്കഭിന്നശേഷിക്കാർക്കുള്ള വിവിധ തരം പ്രവർത്തനങ്ങളും, തൊഴിൽ പരിശീലനവും ഉൾപ്പെടെയുള്ള കാര്യങ്ങളാണ് നടത്തി വരുന്നത്. അദാലത്ത് സമിതി അംഗങ്ങളും, ലക്കിടി പേരൂർ പഞ്ചായത്ത് സെക്രട്ടറി, അസി. എഞ്ചിനിയർ ഉൾപ്പെടെ ജീവനക്കാരും കൂടി ടി സ്ഥാപനം സന്ദർശിച്ച് ചർച്ച നടത്തി. നികുതിനിർണയത്തിൽ കെട്ടിടത്തിന്റെ തരം മാറ്റം ചെയ്യുന്നതിനായി പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയിൻമേൽ ജില്ലാ ടൌൺ പ്ലാനർ ഓഫീസിൽ നിന്നും നടത്തിയ പരിശോധനയിൽ ചില ന്യൂനതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അത് പരിഹരിക്കുന്നതിനായി പ്ലാൻ തയ്യാറാക്കുന്നവരും, ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനിയറും കൂടി ചർച്ച ചെയ്ത് ന്യൂനതകൾ ഇല്ലാത്ത വിധം റെഗുലറൈസേഷൻ പ്ലാൻ വരക്കുന്നതിനും അതിൻമേൽ ജില്ലാ ടൌൺ പ്ലാനർ ഓഫീസിൽ നിന്നും പരിശോധന നടത്തി നിയമാനുസൃതം കെട്ടിടത്തിന്റെ വിനിയോഗഗണം വിദ്യാഭ്യാസസ്ഥാപനം എന്നതാക്കി കൊടുക്കുന്നതിനു സെക്രട്ടറിയോട് നിർദേശം നൽകിയും ഉത്തരവാകുന്നു.

കെ സതീഷ് കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശസ്വയംഭരണവകുപ്പ് പാലക്കാട്.

പകർപ്പ്: സെക്രട്ടറി, നിഷ്-ചിന്ത, മുളഞ്ഞൂർ, ലക്കിടി